4. കൈപ്പുഴ വെച്ചൂർ പുത്തൻ കായൽ കർഷക സംഘം നിലത്തിൽ നിന്നും കാർഷികാവശ്യത്തിന് വേണ്ടി എടുക്കാൻ അനുവദിച്ചിരിക്കുന്ന കക്കാ ബില്ലെഴുതി പരസ്യ വിപണിയിൽ വിറ്റഴിക്കുന്നതുമൂലം അയൽ സൊസൈറ്റികളായ വെച്ചൂർ, കുമരകം, മുഹമ്മ എന്നീ സൊസൈറ്റി കളുടെ പ്രവർത്തനം മന്ദഗതിയിലായിക്കൊണ്ടിരിക്കുകയും ടി സംഘത്തിലെ ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിൽ രഹിതരായി തീർന്നിരിക്കുക യുമാണ്. പ്രസ്തുത കർഷക സംഘത്തിന്റെ ഈ നടപടി അടിയ ന്തിരമായി നിരോധിക്കുക.

5. വേമ്പനാട്ടു കായലിൽ നിന്നും മനുഷ്യപ്രയത്നം മൂലം കക്കാ കോരി എടുക്കുന്ന പ്രദേശങ്ങളിൽ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് പള്ളം സിമൻറ് ഫാക്ടറി എന്നീ കമ്പനികളുടെ ഡ്രഡ്ജർ ഉപയോഗിച്ചുള്ള കക്കാകോരുന്ന സമ്പ്രദായം അവ സാനിപ്പിക്കുകയും ഈ പ്രദേശങ്ങൾ സംഘങ്ങൾക്ക് കക്കാ കോരി എടുക്കുന്നതിന് അനുവദിച്ചു കൊടുക്കുകയും ചെയ്യുക.

6. സംഘങ്ങൾ വിൽപ്പന നടത്തി വരുന്ന കക്കായുടെ വില നില വിലുള്ളതിനേക്കാൾ 25 ശതമാനം കൂട്ടി വിൽക്കുന്നതിന് അംഗീ കാരം നൽകുക.

7. കക്കാ വ്യാജമായി സംഭരിച്ചു വിൽപ്പന നടത്തുന്നതിനെ തടയു ന്നതിന് ഗവൺമെൻറ് അടിയന്തിരമായി പോലീസ് സംരക്ഷണം നൽകുക.

8. കക്കാ സംഘങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ സമയത്തു ണ്ടാകുന്ന അപകട മരണങ്ങൾക്ക് മത്സ്യത്തൊഴിലാളികൾക്ക് നൽകി വരാറുള്ള ആനുകൂല്യങ്ങൾ കക്കാ കോരുന്ന തൊഴിലാ ളികൾക്കും നൽകുക.

9. ചെറുകിട വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ സ്കീം കക്കാ സംഘങ്ങളിലെ തൊഴിലാളികൾക്കും ലഭ്യമാകുന്നതിന് കക്കാ സംഘങ്ങളെകൂടി ഉൾപ്പെടുത്തുക.

10. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ജനുവരി മാസം മുതൽ അടച്ചിടുന്നതുമൂലം തണ്ണീർമുക്കം മുതൽ തെക്കോട്ടുള്ള കറുത്ത കക്കായുടെ ഉൽപാദനം നിശ്ശേഷം നിന്നു പോകുന്നതിനാൽ എക്കാലവും ഷട്ടറുകൾ തുറന്നിടുന്നതിനുള്ള നടപടി സ്വീകരിക്കുക.

11. പൂർണ്ണ വളർച്ചയെത്താത്ത പൊടിക്കക്കായുടെ സംഭരണത്തെ തടയുന്നതിന് സത്വര നടപടി സ്വീകരിക്കുക.

(സി) ഈ കാര്യങ്ങൾ ഗവൺമെൻറ് പരിഗണിച്ചു വരികയാണ്.

## മൈനിംഗ് ആൻറ് ജിയോളജി ഡിപ്പാർട്ടുമെൻറിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം

1323 [2122] ശ്രീ. പി.ബി.ആർ. പിള്ള: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മൈനിംഗ് ആൻറ് ജിയോളജി ഡിപ്പാർട്ടു മെൻറിൽ എത്ര ഉദ്യോഗസ്ഥൻമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർ ആരെല്ലാമാണെന്നും ഏതേത് വകുപ്പുകളിൽനിന്നാണെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ എടുത്തിട്ടുള്ളവർക്ക് മൈനിംഗ് ആൻറ് ജിയോളജിയിൽ ഇന്നുള്ള സീനിയർ ഉദ്യോഗസ്ഥൻ മാരേക്കാളും എന്തെങ്കിലും കൂടുതൽ വിദ്യാഭ്യാസ, സാങ്കേതിക, പ്രവർത്തന യോഗ്യതകളും ഇവ ഉണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ വന്ന ഉദ്യോഗസ്ഥൻമാർ എന്നു മുതൽ ജോലിയിൽ പ്രവേശിച്ചുവെന്നും നാളിതുവരെ അവർ ശമ്പളമായും യാത്രപ്പടിയിനത്തിലും എത്ര രൂപ വാങ്ങിയെന്നും വ്യക്തമാക്കാമോ;

(ഇ) ഈ ഉദ്യോഗസ്ഥൻമാർക്ക് നൽകിവരുന്ന ശമ്പളവും അലവൻസും പ്രതിമാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് പേരെ.

(ബി) മിനറൽ എക്സ്പ്ലോറേഷൻ കോർപ്പറേഷനിൽനിന്നും ശ്രീ. കെ.എം. ശിവദാസിനെ ഡയറക്ടർ ഓഫ് മൈനിംഗ് ആൻറ് ജിയോളജിയായും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിൽനിന്നും ശ്രീ. ജി. ഭാസ്കരൻ നായരെ അഡീഷണൽ ഡയറക്ടർ ഓഫ് മൈനിംഗ് ആൻറ് ജിയോളജിയായും നിയമിച്ചിട്ടുണ്ട്.

(സി) ഇവരുടെ കൂടുതലായിട്ടുള്ള വിദ്യാഭ്യാസ, സാങ്കേതിക, പ്രവർത്തന യോഗ്യതകളും അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(ഡി) ശ്രീ. കെ. എം. ശിവദാസ് 18.9.1978 ലും ശ്രീ. ജി. ഭാസ്കരൻ നായർ 20.5.1978 ലും ജോലിയിൽ പ്രവേശിച്ചു. ശ്രീ. ശിവദാസ് 28.2.1979 വരെ 14034.30 രൂപാ ശമ്പളമായും 12042.20 രൂപ യാത്രപ്പടിയിനത്തിലും വാങ്ങിയിട്ടുണ്ട്. ശ്രീ. ഭാസ്കരൻ നായർ 28.2.1979 വരെ 18118 രൂപാ 45 പൈസ ശമ്പളമായും 13475 രൂപാ 5 പൈസ യാത്രപ്പടിയിനത്തിലും വാങ്ങിയിട്ടുണ്ട്.

(ഇ) ഇവരുടെ ശമ്പളവും അലവൻസും താഴെ പറയും പ്രകാരമാണ്.

ശ്രീ. ശിവദാസ് (താൽക്കാലിക പേ സ്ലിപ്പ് പ്രകാരം)

| | |
|---|---|
| അടിസ്ഥാന ശമ്പളം | 1600 രൂപ |
| അഡീഷനൽ ഡി.എ. | 228 ,, |
| ഡി.എ. | 135 ,, |
| വീട്ടുവാടക അലവൻസ് | 320 ,, |
| സിറ്റി കോംപൻസേറ്ററി അലവൻസ് | 50 ,, |
| ഡെപ്യൂട്ടേഷൽ അലവൻസ് | 250 ,, |
| സി.ഇ.എ. | 40 ,, |
| ആകെ | 2623 ,, |

*അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഭാസ്കരൻ നായർ

| | | |
|---|---|---|
| അടിസ്ഥാന ശമ്പളം | 1200 | രൂപ |
| ഡെപ്യൂട്ടേഷൻ അലവൻസ് | 240 | ,, |
| ഡി.എ. | 363 | ,, |
| വീട്ടുവാടക അലവൻസ് | 216 | ,, |
| ആകെ | 2019 | ,, |

## കാഞ്ഞിരപ്പുഴ പദ്ധതി

1324 [2123] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ പദ്ധതിക്ക് ഈ സാമ്പത്തികവർഷം എത്ര സംഖ്യയാണ് വക കൊള്ളിച്ചിട്ടുള്ളത്;

(ബി) എത്ര സംഖ്യ ഇതിനകം ചെലവായി;

(സി) എന്നേയ്ക്കു പണി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു?

### ഉത്തരം

(എ) 1978-79 ൽ 350 ലക്ഷം രൂപ. 1979-80 ൽ 350 ലക്ഷം രൂപ.

(ബി) 28-3-1979 വരെ 269 ലക്ഷം രൂപ.

(സി) 1981-82 ൽ പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഗവൺമെന്റ് പ്ലീഡർമാർ

1325 [2125] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഗവൺമെന്റ് പ്ലീഡർമാരുണ്ട്;

(ബി) അവരിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരെത്ര;

(സി) പ്ലീഡർമാരെയും പബ്ലിക് പ്രോസിക്യൂട്ടർമാരേയും നിയമിക്കുമ്പോൾ സംവരണതത്വം പാലിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) സംവരണതത്വം അനുസരിച്ച് പ്രസ്തുത നിയമനങ്ങൾ നടത്തുവാൻ നടപടികൾ കൈക്കൊള്ളുമോ?

### ഉത്തരം

| | | | |
|---|---|---|---|
| (എ) | പബ്ലിക് പ്രോസിക്യൂട്ടർ | (ഹൈക്കോർട്ട്) | 1 |
| | സീനിയർ ഗവ: പ്ലീഡർ | ,, | 1 |
| | അഡീഷണൽ ഗവ: പ്ലീഡർ | ,, | 8 |
| | ജൂനിയർ ഗവ: പ്ലീഡർ | ,, | 8 |

LIBRARY ARCHIVES Kerala Legislative Assembly

5. PALGHAT

*Keltron Varisters Private Limited.*

For the manufacture of varisters and thermisters.

6. QUILON

*Keltron Ferrites Private Limited*

For the manufacture of Industrial Ferrites.

In addition to the above Units/Companies, Kerala State Electronics Development Corporation Limited is setting up a unit for the manufacture of Control Instrumentation Systems required in thermal power stations, process industries, etc.

അനുബന്ധം IV

6.4.1979-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1323 [2122] കാണുക.

ശ്രീ. ശിവദാസിന്റെയും ശ്രീ. ഭാസ്കരൻ നായരുടെയും കൂടുതലായിട്ടുള്ള വിദ്യാഭ്യാസ, സാങ്കേതിക, പ്രവർത്തന യോഗ്യതകൾ താഴെ കൊടുത്തിരിക്കുന്നു.

ശ്രീ. ശിവദാസ്:

1. 1972ൽ ഡെറാഡൂണിലെ ഇൻഡ്യൻ ഫോട്ടോ ഇൻറർപ്രെട്ടേഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും 'ഫോട്ടോ ഇൻറർപ്രെട്ടേഷൻ ഇൻ ജിയോളജി' എന്ന വിഷയത്തിൽ ഡിപ്ലോമ (ഓണേഴ്സ്).

2. 1976-ൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻജിനീയേഴ്സ് (ഇൻഡ്യ) എന്ന സ്ഥാപനത്തിൽനിന്നും പെർട്ട്/സി.പി.എം. നെറ്റ് വർക്ക് (Pert/CPM Net work) എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ്.

3. 1977-ൽ കോസ്റ്റ് അക്കൌണ്ടൻസിന്റെ നാഗ്പ്പൂർ ചാപ്റ്ററിൽ നിന്നും 'സ്റ്റാറ്റിസ്റ്റിക്സ് ഫോർ മാനേജേഴ്സ്' എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ്.

4. ധാതു പര്യവേഷണത്തിൽ വിവിധ മേഖലകളിൽ കൂടുതലായ പ്രവർത്തന പരിചയം.

5. ശാസ്ത്ര സംബന്ധിയായ ആറു പ്രബന്ധങ്ങളും പതിനേഴ് പര്യവേഷണ റിപ്പോർട്ടുകളും മറ്റനവധി എക്സ്പ്ലോറേഷൻ പ്രൊപ്പോസലുകളും തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. ഭാസ്കരൻ നായർ

1. ധാതു പര്യവേഷണത്തിൽ വിവിധ മേഖലകളിൽ കൂടുതലായ പ്രവർത്തന പരിചയം.

2. ശാസ്ത്ര സംബന്ധമായ നാല് പ്രബന്ധങ്ങളും ഇരുപത്തി മൂന്ന് പര്യവേഷണ റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly